**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കൊല്ലം**
ഇമെയിൽ: dmdkollam@gmail.com
ഫോൺ: 0474 2794002, ഫാക്സ്: 0474 2794004 ടോൾ ഫ്രീ: 1077

DCKLM/4992/2021-DM3 തീയതി – 14/05/2021

**മഴക്കാല പൂർവ്വ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിൽ 14.05.2021 ന് 12.30 മണിക്ക് കൂടിയ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗ മിനിട്സ്. യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി വിവിധ വകുപ്പുകളുടെ പ്രതിനിധികൾ പങ്കെടുത്തു.**

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ.സാം.കെ. ഡാനിയൽ, സഹാദ്ധ്യക്ഷൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കൊല്ലം
2. ശ്രീ.ഇ.എസ്.ബിജുമോൻ, അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, കൊല്ലം റൂറൽ
3. ശ്രീ.എസ്.വിനോദ് മോഹൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കൊല്ലം
4. ശ്രീ.സന്തോഷ് കുമാർ. റ്റി.എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കൊട്ടാരക്കര
5. ശ്രീ.ബി.അനിൽകുമാർ, സെക്രട്ടറി, പുനലൂർ മുനിസിപ്പാലിറ്റി
6. ശ്രീ.നദീർ.എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി. എൽ.ബി ഡിവിഷൻ 5, കൊല്ലം
7. ഡോ.നിഷ, ഡെപ്യൂട്ടി ഡയറക്ടർ. എ.എച്ച്.ഡി
8. ശ്രീ.സുഹൈർ.കെ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കൊല്ലം
9. ശ്രീ.സുനിൽ കുമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്
10. ശ്രീ.സുബിൻ പോൾ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യൂക്കേഷൻ, കൊല്ലം
11. ശ്രീ.വിസി വിശ്വനാഥ്, ജില്ലാ ഫയർ ഓഫീസർ, കൊല്ലം
12. ശ്രീ.ലാസർ ആന്റണി, ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
13. ശ്രീ.ടെസ്സി മോൻ.കെ.കെ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി. ആർ.ബി. ഡിവിഷൻ, കൊട്ടാരക്കര
14. ശ്രീ.എസ്.സൺ, ഡി.എഫ്.ഒ, തെന്മല
15. ക്യാപ്റ്റൻ ഹരി അച്യുത വാര്യർ, പോർട്ട് ഓഫീസർ, ആശ്രാമം, കൊല്ലം
16. ശ്രീ.മനേഷ് ആർ, ഡി.റ്റി.ഒ, കെ.എസ്.ആർ.റ്റി.സി, കൊല്ലം
17. ശ്രീ.ലിൻഡ.ഇ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
18. ശ്രീ.ഷമിൻ.എസ്. ബാബു, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പുനലൂർ
19. ശ്രീ.സജീവ് കുമാർ.ബി, വൈൽഡ് ലൈഫ് വാർഡൻ
20. ശ്രീമതി.ഗാനാദേവി.റ്റി, ജില്ലാ സപ്ലൈ ഓഫീസർ, കൊല്ലം
21. ശ്രീമതി ശിഖാ സുരേന്ദ്രൻ, ഐ.എ.എസ്, സബ്കളക്ടർ, കൊല്ലം

22. ശ്രീ.സുനിൽ കുമാർ.ബി., അസിസ്റ്റന്റ്, ദേവസ്വം കമ്മീഷണർ, കൊല്ലം
23. ശ്രീ.ശരത്ചന്ദ്ര ബാബു, അസിസ്റ്റന്റ് ഇൻഫർമേഷന് ഓഫീസർ, കൊല്ലം
24. ശ്രീ.ബിജുരാജ്, തഹസിൽദാർ (ഭൂരേഖ), പുനലൂർ
25. ശ്രീ.വിജയൻ.എ., തഹസിൽദാർ, കൊല്ലം
26. ശ്രീ.ഹരികുമാർ.കെ.ജി, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ (സി), പ്രിൻപ്പൽ കൃഷി ഓഫീസ്
27. ശ്രീമതി.വൃജ.എൻ.കെ., മുനിസിപ്പൽ സെക്രട്ടറി, പരവൂർ
28. ശ്രീ.ശ്രീകണ്ഠൻ നായർ, തഹസിൽദാർ, കൊട്ടാരക്കര
29. ഡോ.സന്ധ്യ , ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം

യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരേയും അദ്ധ്യക്ഷൻ സ്വാഗതം ചെയ്തു കൊണ്ട് മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ഓരോ വകുപ്പും ചെയ്യേണ്ട വിഷയങ്ങൾ ചർച്ച ചെയ്യലാണ് ഇന്നത്തെ യോഗത്തിലെ പ്രധാന അജണ്ടയെന്ന് ചെയർമാൻ അറിയിച്ചു. ശുചീകരണ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് മുഖ്യ ഉത്തരവാദിത്വം.

മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ഓരോ വകുപ്പും നോഡൽ ഓഫീസർമാരെ നിയോഗിച്ച് ഉത്തരവാകേണ്ടതും വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. കൂടാതെ എല്ലാ വകുപ്പുകളും 24 മണിക്കൂറും പ്രവർത്തന സജ്ജമാകുന്ന തരത്തിൽ കൺട്രോൾ റൂം തുറക്കേണ്ടതും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ പേരും അവരുടെ ഫോൺ നമ്പരും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കൺട്രോൾ റൂമിന്റെ വിവരങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമാക്കേണ്ടതുമാണ്. പോലീസ്, റവന്യൂ , മൃഗ സംരക്ഷണം, ആരോഗ്യം, കെ.എസ്.ഇ.ബി, പൊതുമരാമത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവ അതത് ദിവസത്തെ റിപ്പോർട്ട് ജില്ലാ ദുരന്തനിവാരണ വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ വകുപ്പുകൾ പ്രതിമാസ റിപ്പോർട്ട് മാസന്ത്യത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ടുള്ള ഓറഞ്ച് ഹാൻഡ് ബുക്കിലെ നിർദ്ദേശമനുസരി–ച്ചുള്ള നടപടികൾ ഓരോ വകുപ്പും സ്വീകരിക്കേണ്ടതാണ്. മഴവെള്ള സംഭരണ സംവിധാനങ്ങൾ എല്ലാ വകുപ്പും ഒരുക്കേണ്ടതുണ്ട്. കൂടാതെ സർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി നടപടി സ്വീകരിക്കേണ്ടതും ആയതിലേക്ക് ഉത്തരവുകൾ ആവ–ശ്യമെങ്കിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. അപക–ടകരമായ മരങ്ങൾ മുറിച്ചു മാറ്റേണ്ടത് അതത് വകുപ്പുകളുടെ ചെലവിൽ തന്നെയാണ്. ഈ യോഗത്തിലെ തീരുമാനങ്ങളിൽ എടുത്ത നടപടികൾ വിലയിരുത്തുന്നതിനായി ഒരു അവലോ–കന യോഗം ഈ മാസം 24–)ം തീയതി നിശ്ചയിച്ചിട്ടുണ്ട്.

**<u>തുടർന്ന് വിവിധ വകുപ്പുകൾക്കുള്ള പൊതു നിർദേശങ്ങൾ ചെയർമാൻ യോഗത്തെ അറിയിച്ചു.</u>**

1. എല്ലാ വകുപ്പുകളും മഴവെള്ള സംഭരണം ഉറപ്പാക്കുക
2. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ഓരോ വകുപ്പും ഒരു ജില്ലാതല നോഡൽ ഓഫീ–സറെ നിയമിക്കണം. പ്രസ്തുത വ്യക്തിയുടെ പേര്, പദവി, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ

എന്നിവ ജില്ലാഅടിയന്തര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിൽ (District Emergency Operations Center-DEOC) 20-5-2021 ന് മുൻപ് കൈമാറണം.

3. പോലീസ്, റവന്യൂ , ആരോഗ്യം, മൃഗസംരക്ഷണം കെ.എസ്.ഇ. ബി . പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ പൊതുമരാമത്ത് എന്നീ വകുപ്പുകൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഫോർമാറ്റിൽ എല്ലാ ദിവസവും 3 മണിക്ക് മുൻപ് റിപ്പോർട്ട് നൽകേണ്ടതാണ്. ഈ വകുപ്പുകൾ എല്ലാ മാസവും അവസാന പ്രവർത്തിദിവസം മറ്റൊരു ഫോർമാറ്റും പൂരിപ്പിച്ച് നൽകേണ്ടതാണ് . രാവിലെ 11 മണിക്ക് മുൻപ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഈ രണ്ട് ഫോർമാറ്റുകളും നൽകിയിട്ടുണ്ടെന്ന് ജില്ലാ തല നോഡൽ ഓഫീസർ ഉറപ്പാക്കേണ്ടതുമാണ് .
4. Handbook on Disaster Management Volume 2 നിന്നും ഓരോ വകുപ്പുകളുടേയും ചുമതലകൾ മനസ്സിലാക്കി ആവശ്യമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. വിവിധ വകുപ്പുകളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈവശം ഉള്ള ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങളും ചില്ലകളും മുറിച്ച് മാറ്റേണ്ടതാണ്.അടിയന്തര സാഹചര്യത്തിൽ ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന സമിതിയെ നേരത്തെ തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട് . സമിതിയുടെ ശുപാർശയ്ക്ക് അനുസരിച്ച് DDMA ചെയർമാൻ തീരുമാനം കൈകൊള്ളുന്നതാണ്. മരം മുറിച്ചു മാറ്റുവാനുള്ള പണം വകുപ്പുകൾ സ്വന്തമായി കണ്ടെത്തേണ്ടതാണ്.

## റവന്യൂ

1. വില്ലേജിലെ കോവിഡ് രോഗികളുടെ വിവരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അവരെ DCC കളിലേക്ക് മാറ്റുവാൻ ആരോഗ്യ വകുപ്പിനെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും സഹായിക്കാവുന്നതാണ്. ക്വാറൻറ്റിനിലുള്ള വ്യക്തികളെ വീടുകളിൽ നിന്ന് ഒഴിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ ഇതിനായി അവരെ പ്രത്യേകം സജ്ജമാക്കുന്ന ക്യാമ്പിലേക്ക് മാറ്റാനുള്ള നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ സ്വീകരിക്കേണ്ടതാണ്.
2. വകുപ്പിൻറെ താലൂക്ക് കണ്ട്രോൾ റൂമിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി തഹസിൽദാർ റാങ്കിൽ കുറയാത്ത ഒരാളെ നിയോഗിക്കണം
3. ഒഴിപ്പിക്കൽ , രക്ഷാ പ്രവർത്തനം എന്നീ സാഹചര്യങ്ങളിൽ ഗർഭിണികൾ, കുട്ടികൾ, അംഗപരിമിതർ, ഭിന്നശേഷിക്കാർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക
4. ജില്ലാ തലത്തിൽ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ tarpaulin നും, ചെറിയ പന്തലും മറ്റും കെട്ടി നൽകുന്നവരുടെ പട്ടിക തയ്യാറാക്കുക. ഇത് സംബന്ധിച്ച ഒരു കോപ്പി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകുക
5. അത്യാഹിത സാഹചര്യങ്ങളിൽ ഉപയോഗിക്കുവാൻ ആവശ്യമായ വണ്ടികൾ, ജനറേറ്ററുകൾ, ക്രെയിനുകൾ, മണ്ണ് മാന്തികൾ ദുരിതാശ്വാസത്തിനാവശ്യമായ മറ്റ് വസ്തുവകകൾ എന്നിവയുടെ പട്ടിക ബന്ധപ്പെട്ട RTO/Joint RTO യിൽ നിന്നും വാങ്ങി സൂക്ഷിക്കുക . ഇത് സംബന്ധിച്ച ഒരു കോപ്പി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകുകയും ആവശ്യമായ സന്ദർഭങ്ങളിൽ അവ ലഭ്യമാക്കുവാൻ തഹസിൽദാർമാർ ബന്ധപ്പെട്ട ജോയിന്റ് RTO ക്ക് നിർദ്ദേശം നൽകുകയും ചെയ്യുക.
6. വില്ലേജ് ഓഫീസർ നേരിട്ട് നടത്തേണ്ട നാശനഷ്ട/ജീവഹാനി വിവര ശേഖരണം
    - വീടും സ്ഥലവും നഷ്ടപ്പെട്ട എന്ന റിപ്പോർട്ട് തദേശ വകുപ്പ് എഞ്ചിനീയറുമായി ചേർന്ന് ലാൻഡ് റവന്യൂ കമ്മീഷണർ നിർദേശിക്കുന്ന ആപ്ലിക്കേഷനിൽ ശേഖരിക്കുക
    - ദൈനംദിന ക്യാമ്പ് റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ നിർദേശിക്കുന്ന ആപ്ലിക്കേഷനിൽ ശേഖരിക്കുക

- ജീവഹാനി സംബന്ധിച്ച റിപ്പോർട്ട്, പോലീസ് എഫ്.ഐ.ആർ സഹിതം ജില്ലാ ദുരന്ത നിവർണ അതോറിറ്റിയിൽ ലഭ്യമാക്കുക. അംഗീകൃത ദുരന്തങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന് അർഹത. ഇതിനായി പോലീസ് എഫ്.ഐ.ആർ റിപ്പോർട്ട് ആണ് ആശ്രയിക്കേണ്ടത്.

## <u>തദ്ദേശ സ്വയംഭരണ സർക്കാരുകൾ</u>

1. ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന സ്ഥലങ്ങൾ – തദ്ദേശ സ്ഥാപനം, താലൂക്ക് എന്നിവ തിരിച്ച് (ക്യാമ്പ് 1, 2, 3, 4) ശേഖരിച്ച DEOC നൽകിയിട്ടുള്ള നിശ്ചിത ഗൂഗിൾ ഷീറ്റിൽ പൂരിപ്പിച്ച നൽകേണ്ടതാണ്.
2. ക്വാറന്റീനിലുള്ള വ്യക്തികളെ വീട്ടുകളിൽ നിന്ന് ഒഴിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ അവരെ ഇതിനായി സജ്ജമാക്കുന്ന പ്രത്യേക ക്യാമ്പിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ദുരന്ത ആഘാതം ഏറ്റവും ഉണ്ടാകുവാൻ സാധ്യതയുള്ള വിഭാഗങ്ങളും, സ്ഥലങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച സൂക്ഷിക്കുക.
    a) പുറമ്പോക്കിൽ വസിക്കുന്നവർ
    b) കോളനികൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ
    c) വയൽ കരകളിൽ താമസിക്കുന്നവർ
    d) മലയുടെ ചരിവുകളിലും ഒറ്റപ്പെട്ട പ്രദേശത്തും വസിക്കുന്നവർ
    e) 2018 ൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ ബാധിക്കുകയും, വസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ടെത്തുകയും ചെയ്ത വീട്ടുകളിൽ താമസിക്കുന്ന ദുരന്ത ബാധിതർ
    f) 2019 ൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം എന്നിവ ബാധിക്കുകയും, വസയോഗ്യമല്ല എന്ന് സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയോഗിച്ച സംഘം കണ്ടെത്തുകയും ചെയ്ത വീട്ടുകളിൽ താമസിക്കുന്ന ദുരന്ത ബാധിതർ
    g) പുറമ്പോക്കിൽ താമസക്കാരായിരുന്ന വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ
    h) ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങൾ

1. തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ എമർജൻസി റെസ്പോൺസ് ടീം സംബന്ധിച്ച പട്ടികയും, ടീം അംഗങ്ങളുടെ മൊബൈൽ ഫോൺ വിവരങ്ങളും തദ്ദേശ സ്ഥാപനപരിധിയിൽ ലഭ്യമായ ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, ബോട്ടുകൾ, വള്ളങ്ങൾ, എലക്ട്രിക് മരം മുറി യന്ത്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഉടമയുടെ പേരും, മൊബൈൽ നമ്പരും സഹിതം പട്ടിക തയ്യാറാക്കുക. ഇത് സംബന്ധിച്ച ഒരു കോപ്പി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകുക
2. തദ്ദേശ സ്ഥാപന തലത്തിൽ ഭിന്നശേഷിക്കാരുടെ പട്ടിക മുൻകൂട്ടി തയ്യാറാക്കി തദ്ദേശ സ്ഥാപനം, താലൂക്ക് കൺട്രോൾ റൂം, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ നല്കുവാൻ സാമൂഹിക നീതി വകുപ്പിന് നിർദേശം നല്കുക.
3. ക്യാമ്പ് നടത്തിപ്പിനായി വില്ലേജ് ഓഫീസറുടെ കൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ചാർജ് ഓഫീസറെ നിയോഗിക്കേണ്ടതാണ്.
4. പ്രധാന നീർചാലുകളും, ഓടകളും, പരിശോധിച്ച്, അവയിൽ തടസങ്ങൾ ഇല്ല എന്ന് മണ്ണ് സംരക്ഷണ വകുപ്പ്, ജലസേചന വകുപ്പ് ഉറപ്പ് വരുത്തുക. മഴവെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന എല്ലാ വസ്തുക്കളും ഓടകളിൽനിന്നും ചെറുനീർച്ചാലുകളിൽ നിന്നും മാറ്റുക.
5. സ്വകാര്യ ഭൂമിയിലുള്ള അപകട സാധ്യത ഉള്ള മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ച മാറ്റുവാൻ പൊതു ജനങ്ങൾക്ക് നിർദേശം കൊടുക്കുക,

6. ഹരിത കേരളം, തൊഴിലുറപ്പ് എന്നീ പദ്ധതികൾ ഉപയോഗിച്ച് ജല സംരക്ഷണത്തി-ന് കുളങ്ങളും, തോടുകളും, മറ്റ് ജലാശയങ്ങൾ, കിണറുകൾ എന്നിവയെല്ലാം ശുദ്ധമാ-ക്കുവാനും പരമാവധി ജല സംഭരണം ഉറപ്പുവരുത്തുക.
7. പുഴകടവുകളിലും, ബീച്ചുകളിലും, അപകടകരമായ കയം/നീർച്ചുഴി ഉള്ള പ്രദേശങ്ങളി-ലും അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുക
8. മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെ-ള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ കാലവർഷ-തുലാവർഷ കാലത്ത് വാഹനങ്ങൾ നിർത്തരുത് എന്ന അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുക
9. മലയോര മേഖലയിലെ പാലം, culvert എന്നിവയുടെ അടിയിലുള്ള തടസങ്ങൾ നീ-ക്കംചെയ്ത് ജല ബഹിർഗമനം സുഗമമാക്കുവാൻ നടപടി സ്വീകരിക്കുക
10. തദ്ദേശ സ്ഥാപനത്തിലെ വിവിധ എമർജൻസി റെസ്പോൺസ് ടീമുകൾക്ക് ഓരോ മേഖല തിരിച്ച് അടിയന്തിര ഘട്ട പ്രവർത്തന ചുമതല നല്കുക
11. തീരശോഷണവും, ബണ്ട് തകർച്ച നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രദേശങ്ങൾ കണ്ടെത്തി 22-5-2021 ന് മുൻപ് പ്രസ്തുത വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി-യെ അറിയിക്കുക.
12. അടിയന്തിരഘട്ടങ്ങളിൽ തീരത്തെയും, വയൽ ബണ്ടുകളിലെയും, പുഴയോരത്തെയും വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ്, കൃഷി വകുപ്പ് എന്നിവരുമായി ചേർന്ന് നടത്തണം
13. പരസ്യ ഹോഡിങ്ങുകളുടെ ശക്തി/ബലം പരിശോധിക്കുവാനും, ഇവ കാറ്റത്ത് മറി-ഞ്ഞു വീണ് നഷ്ടവും ജീവ ഹാനിയും ഉണ്ടാക്കുന്നില്ല എന്നും തദേശ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം
14. ജില്ലയിലെ എല്ലാ സ്കൂളുടെയും, ആശുപത്രികളുടെയും fitness തദേശ-സ്വയംഭരണ പൊതുമരാമത്ത് (LSG Engineering) എഞ്ചിനീയർ, പൊതുമരമത്ത് വകുപ്പ് (PWD) എഞ്ചിനീയർ/ സർട്ടിഫൈഡ് സ്ട്രച്ചറൽ എഞ്ചിനീയർ ഉറപ്പ് വരുത്തുക.
15. ജില്ലയിലെ എല്ലാ ആശുപത്രികളുടെയും സുരക്ഷാ സംവിധാനങ്ങൾ പ്രവർത്തിക്കുന്നു-ണ്ട് എന്ന് അതാത് തദേശ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തുക.

## പോലീസ്

1. ഒഴിപ്പിക്കൽ, രക്ഷാ പ്രവർത്തനങ്ങളുടെ നടത്തിപ്പിൻറെ എന്നിവ ചുമതല പോലീസിനായി-രിക്കും.
2. ഒഴിപ്പിക്കൽ പ്രവർത്തനത്തിൽ പുറമ്പോക്കിൽ വസിക്കുന്നവർ, കോളനികൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ, വയൽ കരകളിൽ താമസിക്കുന്നവർ, മല-യുടെ ചരിവുകളിലും ഒറ്റപ്പെട്ട പ്രദേശത്തും വസിക്കുന്നവർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക.
3. ഒഴിപ്പിക്കൽ, രക്ഷാ പ്രവർത്തനം എന്നീ സാഹചര്യത്തിൽ ഗർഭിണികൾ, കുട്ടികൾ, അംഗപ-രിമിതർ, ഭിന്നശേഷിക്കാർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക
4. പോലീസ് കണ്ട്രോൾ റൂമിൽ ലഭിക്കുന്ന പ്രധാന ദുരന്ത വിവരങ്ങൾ അപ്പോൾ തന്നെ DEOC യിലും അറിയിക്കുക.
5. എല്ലാ താലൂക്കിലും അഗ്നിശമന സേനയുടെയോ, പോലീസിൻറെയോ ഒരു Tower light എങ്കിലും ഉണ്ടാകണം.

## ആരോഗ്യ വകുപ്പ്

1. കോവിഡ് രോഗികളെ വീടുകളിൽ നിന്ന് ഒഴിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ അവരെ അടുത്തുള്ള DCC കളിലേക്കു മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ക്വാറൻറ്റിനിലുള്ള വ്യക്തികളെ വീടുകളിൽ നിന്ന് ഒഴിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ അവരെ അടുത്തുള്ള ക്യാമ്പ് നാലിലേക്കു മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ജില്ല ആശുപത്രികളും, താലൂക്ക് ആശുപത്രികളും പകർച്ചവ്യാധികൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക.
4. ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുക.
5. മഴക്കാല രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ എല്ലാ തരം ആശുപത്രികളിലും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.

## ജലസേചന വകുപ്പ്

1. തീരശോഷണ ആഘാതം ലഘൂകരിക്കുവാൻ ആവശ്യമായ രീതിയിൽ ജലസേചന വകുപ്പ് കടൽ ഭിത്തികൾക്കുള്ള കേടുപാടുകൾ അടിയന്തിരമായി പരിശോധിച്ച്, പരിഹരിക്കുക.
2. തീരശോഷണം നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രദേശങ്ങളും കണ്ടെത്തി മെയ് 24 ന് മുൻപ് പ്രസ്തുത വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക.
3. അടിയന്തരഘട്ടങ്ങളിൽ തീരത്തെയും, വയൽ ബണ്ടുകളിലെയും, പുഴയോരത്തെയും വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ് തദ്ദേശ സർക്കാരുമായി ചേർന്ന് നടത്തണം
4. ജലസേചന വകുപ്പുകളിലെ അസിസ്റ്റൻറെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളിലേക്ക് 24 x 7 നിയോഗിക്കുക.
5. കേന്ദ്ര ജല കമ്മിഷൻ (CWC) നൽകുന്ന പ്രളയ മുന്നറിയിപ്പ് നിരീക്ഷിച്ച് ജില്ലയിലെ ഏതെല്ലാം ഭാഗത്ത് പ്രളയ സാധ്യതയുണ്ട് എന്ന് ജില്ലാ ഇ.ഒ.സി, തദ്ദേശ സ്ഥാപനങ്ങൾ എന്നിവരെ അറിയിക്കുക
6. പൊഴി മുഖങ്ങളിൽ അടിഞ്ഞിട്ടുള്ള മണ്ണ് മെയ് 30 ന് മുൻപായി മാറ്റുക. ജല ബഹിർഗമനം സുഘമമാക്കുക
7. എല്ലാ അണക്കെട്ടുകളുടെയും റെഡ്, ഓറഞ്ച്, നീല എന്നീ അലേർട്ട് ജലനിരപ്പുകളും, റൂൾ കെർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് KIP മെയ് 24 ന് മുൻപ് നൽകണം. ഇത്തരത്തിൽ ലഭിക്കുന്ന വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പരിഗണിച്ച് ഉചിതമായ നിർദേശങ്ങൾ സഹിതം അനുമതി നൽകി എന്ന് ഉറപ്പ് വരുത്തുക. ഈ അംഗീകൃത പദ്ധതി അനുസരിച്ച് മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുക.
8. ജലസേചന വകുപ്പിലെ/ KIP അസിസ്റ്റൻറെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളിലേക്ക് 24 x 7 നിയോഗിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുക.
9. അണക്കെട്ട് സംബന്ധിച്ച ഓറഞ്ച് മുന്നറിയിപ്പ് ലഭിച്ചാൽ ചുവടെ ചേർക്കുന്ന നടപടികൾ പൂർത്തീകരിച്ചു എന്ന് ഉറപ്പ് വരുത്തുക:
    a. അതാത് അണക്കെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലത്തിന് അനുസരിച്ച് ഓരോ പ്രദേശത്തും എത്ര കണ്ട് ജലം ഉയരും എന്നത് അനുമാനിച്ച് നൽകുവാൻ DEOC യിൽ നിയോഗിച്ചിട്ടുള്ള ജലസേചന വകുപ്പ് എഞ്ചിനീയരോട് ആവശ്യപ്പെടുകയും, ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുമോ എന്ന് കണ്ടെത്തുകയും ചെയ്യുക. ഈ വിവരം അതാത് തദേശ സ്ഥാപനത്തെ അറിയിക്കുകയും, പൊതുജനങ്ങൾക്കായി ചുവടെ സൂചിപ്പിക്കുന്ന തരത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

b. ജലം ഒഴുകുന്ന പാതയിലെ എല്ലാ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സെക്രട്ടറിമാരെയും, പ്രസിഡൻറെ, ചെയർമാൻ, മേയർ എന്നിവരെയും അണക്കെട്ട് തുറക്കുവാൻ ഉള്ള സാധ്യത സംബന്ധിച്ച വിവരം അറിയിക്കുക
c. എല്ലാ പത്ര-മാധ്യമങ്ങളെയും അറിയിക്കുക
d. തുറന്നു വിടുന്ന ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുവാൻ സാധ്യതയുണ്ടെങ്കിൽ പൊതുജനങ്ങൾക്കായി മൈക്കിലൂടെ നദിയുടെയും/കായലിൻറെയും തീര പ്രദേശങ്ങളിൽ മൈക്കിലൂടെ 12 മണിക്കൂർ മുൻപെങ്കിലും വിളിച്ച് പറയുക
e. ഒരു കാരണവശാലും വൈകിട്ട് 6 മണിക്ക് ശേഷം, പകൽ 6 മണിവരെ അണക്കെട്ടിൽ നിന്നും പുതുതായി ജലം തുറന്ന് വിടരുത്

## കെ.എസ്.ഇ.ബി

1. മരം വീഴ്ചയോ, കാറ്റ് മൂലമോ, ഉരുൾപൊട്ടലിലോ വൈദ്യുതി കമ്പി പൊട്ടിവീണാൽ ഉടൻ തന്നെ ആ ഭാഗത്തേക്കുള്ള വൈദ്യുത ബന്ധം വിച്ഛേദിക്കുക. പൊതുജനങ്ങൾക്ക്, കെ.എസ്.ഇ.ബി യുടെ മൊബൈൽ മെസേജ് സംവിധാനം വഴി വൈദ്യുതി കമ്പി പൊട്ടിവീണ ഭാഗത്തെ പറ്റിയും, പൊതുജനങ്ങൾ സുരക്ഷ നടപടി സ്വീകരിക്കണം എന്നും ഉള്ള അറിയിപ്പ് നല്കുക. ഈ വിവരം തദ്ദേശ സ്ഥാപനത്തെയും, വില്ലേജ് ഓഫീസറെയും, പോലീസ് അധികാരിയെയും അറിയിക്കുക.
2. സ്പിൽവേകൾ, അണക്കെട്ടുകൾ എന്നിവയുടെ ഷട്ടറുകൾ പ്രവർത്തനക്ഷമമം ആണ് എന്ന് ഉറപ്പ് വരുത്തി ജില്ലാ ദുരന്ത നിവർണ അതോറിറ്റിയ്ക്ക് റിപോർട്ട് മെയ് 30 ന് മുൻപായി നൽകുക

## കേരള വാട്ടർ അതോറിറ്റി

1. മഴക്കാലത്ത് ജലത്തിൻറെ ഗുണനിലവാരം പരിശോധിച്ച് (ഭൗതിക, രാസ, ജൈവ) വേണ്ട പരിഹാര നടപടികൾ കൈക്കൊണ്ട് ഗുണനിലവാര സൂചികക്ക് അനുസൃതവും അനുവദനീയമായ പരിധികൾക്കുള്ളിലും ആണ് എന്ന് ഉറപ്പ് വരുത്തേണ്ടുന്ന ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കാണ്.
2. ക്ലോറിനേഷൻ നടത്തി അവക്ഷിപ്ത ക്ലോറിൻറെ (Residual Chlorine) തോത് എല്ലാ ഔട്ട്ലെറ്റ് പോയിന്റുകളിലും ആവശ്യമായ അളവിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ജലജന്യ രോഗങ്ങൾ പടരാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ അവലംബിക്കേണ്ടതാണ്.
3. ജല വിതരണം നടത്തുന്ന പൈപ്പ് ലൈനുകളിൽ മതിയായ മർദ്ദമില്ലാതെ വരികയോ ജലചോർച്ച കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം പ്രത്യേക മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഫിഷറീസ് വകുപ്പ്

1. ബോട്ട്-കപ്പൽ അപകടങ്ങൾ ഉണ്ടായാൽ പെട്ടെന്ന് തിരച്ചിൽ നടത്തുന്നതിനായി സ്പീഡ് ബോട്ടുകൾ മത്സ്യബന്ധന വകുപ്പ് കരാർ അടിസ്ഥാനത്തിൽ എല്ലാ Fish Landing സെൻററിലും ലഭ്യമാക്കുക.
2. കടൽ ക്ഷോഭം സംബന്ധിച്ച മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളികൾക്കും, തീരദേശ നിവാസികൾക്കും സമയ ബന്ധിതമായി നൽകുവാൻ ഫിഷറീസ് വകുപ്പും, തീരദേശ പോലീസും, Marine Enforcement ഉം ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക.
3. ഇൻഡ്യൻ മഹാസമുദ്രത്തിന്റെയും, അറബിക്കടലിന്റെയും, ബംഗാൾ ഉൾക്കടലിന്റ്റെയും ഏതെങ്കിലും സമുദ്ര പ്രദേശത്ത് "Total suspension of fishing" എന്ന നിർദേശം ഉണ്ടെങ്കിൽ

പ്രസ്തുത മേഘലയിൽ, മുന്നറിയിപ്പിൽ സൂചിപ്പിക്കുന്ന കാലയളവിൽ "മത്സ്യ ബന്ധനത്തിന് പോകുന്നത് തടയണം" എന്ന കർശന നിർദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കും.

4. മത്സ്യ തൊഴിലാളികൾക്കുള്ള മുന്നറിയിപ്പുകൾ ലഭിച്ചാൽ ചുവടെ ചേർക്കുന്ന നടപടികൾ ഫിഷറീസ് വകുപ്പ്, തീരദേശ പോലീസും, Marine Enforcement ഉം സ്വീകരിക്കുക:
    a. എല്ലാ Fish Landing സെൻററിലും, മത്സ്യ ഗ്രാമങ്ങളിലും, മൈക്കിലൂടെ വിവരം വിളിച്ചറിയിക്കുക
    b. അമ്പലങ്ങൾ, പള്ളികൾ എന്നിവയിലൂടെയും, മത്സ്യതൊഴിലാളി കൂട്ടായ്മകളിലൂടെയും, സാമൂഹിക സംഘടനകളിലൂടെയും വിവരം പരമാവധി മത്സ്യ തൊഴിലാളികളിൽ എത്തിക്കുക
    c. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യ തൊഴിലാളികൾ അധികമായുള്ള പ്രദേശങ്ങളിൽ തമിഴ്, ഹിന്ദി എന്നീ ഭാഷകളിലും വിവരം മൈക്കിലൂടെ വിളിച്ച് അറിയിക്കുവാൻ നിർദേശിക്കുക
    d. വള്ളവും വലയും ഏറ്റവും അടുത്തുള്ള fishing harbor ൽ സൂക്ഷിക്കുക

1. മത്സ്യ തൊഴിലാളികൾ കടലിൽ അപകടത്തിൽപെടുമ്പോൾ അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കായി തീരദേശ പോലീസും, ഫിഷറീസ് വകുപ്പ് fishing harbor കൾ കേന്ദ്രീകരിച്ച് ഒരു കടൽയാനം (sea worthy boat) വാടകയ്ക്ക് എടുക്കുക.

## മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്

1. രണ്ട് ദിവസം അടുപ്പിച്ച മഴ പെയ്താൽ, വില്ലേജുകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതു വരെ നിർത്തിവെക്കുക
2. പാറമടകളിലെ കുളങ്ങൾക്ക് ചുറ്റും ഉറപ്പും, ഉയരവും ഉള്ള മുള്ള് വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷികേണ്ടതാണ്.
3. പുറമ്പോക്കിൽ ഉള്ള, നിലവിൽ പ്രവർത്തനം നിലച്ച പാറമടകളിൽ ഉള്ള ഇത്തരം കുളങ്ങൾക്ക് ചുറ്റും വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷികേണ്ടത്തിൻറെ ചുമതല മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിനാണ്.

## ദേവസ്വം

1. കാലാവസ്ഥാ മുന്നറിയിപ്പ് അടിസ്ഥാനമാക്കി ഉത്സവ/തീർഥാടന പരിപാടികൾക്കുള്ള തീർത്ഥാടകരെ നിയന്ത്രിക്കണം
2. എല്ലാ തീർഥാടന കേന്ദ്രങ്ങളിലും അപകടമുണ്ടായാൽ പ്രതികരിക്കുവാനും, അപകട സാധ്യതാ ലഘൂകരണത്തിനും പദ്ധതി തയ്യാറാക്കണം. ഇതിൽ ഒഴിപ്പിക്കൽ പദ്ധതികൾ (Evacuation Plan), ബദൽ മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തണം.

## മൃഗസംരക്ഷണ വകുപ്പ്

1. എല്ലാ മൃഗ സംരക്ഷണ കേന്ദ്രങ്ങളിലും ജില്ല  മൃഗ സംരക്ഷണ ആശുപത്രികളിലും പകർച്ചവ്യാധികൾ തടയുന്നതിനായുള്ള മരുന്നുകൾ ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തുക.

## സിവിൽ സപ്ലൈസ് വകുപ്പ്

1. എല്ലാ താലൂക്കിലും ഉള്ള സപ്ലൈ ഓഫീസർമാർ മുഖാന്തിരം  100 കിലോ അരി, 50 കിലോ പയർ, 10 കിലോ എണ്ണ, 75 കിലോ മണ്ണെണ്ണ എന്നിവ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാനായി സംഭരിച്ച് സൂക്ഷിക്കുക.
2. ക്യാമ്പുകളിൽ ആവശ്യമായ എല്ലാ ഭക്ഷ്യ-ധാന്യങ്ങളും, എണ്ണയും, മണ്ണെണ്ണയും, പാചക വാതകവും സപ്ലൈ കോ, കൺസ്യൂമർ ഫെഡ് എന്നുവയിൽ നിന്നുമാത്രമേ വാങ്ങുവാൻ പാടുള്ളൂ

3. ഏതെങ്കിലും സാഹചര്യത്തിൽ ഈ വസ്തുക്കൾ പുറത്തുനിന്നും വാങ്ങേണ്ടി വരികയാണെങ്കിൽ ആ വസ്തു ലഭ്യമല്ല എന്നുള്ള കത്ത് അതാതു സ്ഥലത്തെ സപ്ലൈ ഓഫീസർ (Supply officer)/സ്ഥാപന മേധാവി ദുരിതാശ്വാസത്തിൻറെ ചുമതലയുള്ള പ്രദേശത്തെ റവന്യൂ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

## കൃഷി വകുപ്പ്

1. ബണ്ട് തകർച്ച നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രദേശങ്ങൾ കണ്ടെത്തി 24-5-2021 ന് മുൻപ് പ്രസ്തുത വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക.

## അഗ്നി സുരക്ഷാ വകുപ്പ്

1. കാലാവസ്ഥാ മുന്നറിയിപ്പുകളും, ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദേശങ്ങളും എല്ലാ അഗ്നി സുരക്ഷാ സ്റ്റേഷനുകളിലും എത്തുന്നു എന്ന് ഉറപ്പ് വരുത്തുക.
2. മലയോര മേഖലയിൽ രാത്രിയാത്ര ഒഴിവാക്കുവാൻ നിർദേശം നൽകുന്ന അവസരത്തിൽ അത്തരം പാതകളിൽ മരം വേണോ, മണ്ണിടിഞ്ഞ് വീണോ തടസം നേരിട്ടാൽ ഉടൻ തന്നെ തടസം മാറ്റുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
3. ഫയർ കണ്ട്രോൾ റൂമിൽ ലഭിക്കുന്ന പ്രധാന ദുരന്ത വിവരങ്ങൾ അപ്പോൾ തന്നെ ജില്ലാ ഇ.ഓ.സിയിലും അറിയിക്കുക.

## വിദ്യാഭ്യാസ വകുപ്പ്

1. ജില്ലയിലെ എല്ലാ സ്കൂളുകളുടെയും fitness തദേശ-സ്വയംഭരണ /പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറെകൊണ്ട് അതാത് തദേശ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. Fitness ഇല്ലാത്ത കെട്ടിടങ്ങൾ സ്കൂളുകൾ നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക
2. താത്കാലിക ദുരിതാശ്വാസ ക്യാമ്പുകൾ ആയി ഉപയോഗിക്കുന്ന എല്ലാ സ്കൂളുകളിലേയും ശുചിമുറികൾ പ്രത്യേകപരിഗണന നൽകി കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക
3. സ്കൂളുകളിലെ വൃക്ഷങ്ങളുടെ ചില്ലകൾ കോതി ഒരുക്കി എന്ന് സ്കൂൾ ആരംഭിക്കുന്നതിന് മുൻപ് ഉറപ്പാക്കുക

## ടൂറിസം വകുപ്പ്

1. കാലാവസ്ഥാപ്രവചനത്തിൻറെയും മുന്നറിയിപ്പുകളുടെയും അടിസ്ഥാനത്തിൽ പ്രധാന ടൂറിസ്റ്റ് ലൊക്കേഷനുകളിലേക്ക് വിനോദസഞ്ചാരികളുടെ യാത്ര അധികാരികൾ പരിമിതപ്പെടുത്തണം.
2. നദികളിലെ സ്നാനഘട്ടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നത് ജില്ലാ ടൂറിസം പ്രമോഷൻ കൌൺസലുകൾ ഉറപ്പു വരുത്തണം
3. മഴക്കാലങ്ങളിൽ തടാകങ്ങളിലും കടലിലും അണക്കെട്ടുകളിലും പ്രവേശിക്കുന്നത് തടയുവാനായി മുന്നറിയിപ്പ് ബോർഡുകൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സ്ഥാപിക്കണം എന്ന് നിർദേശിക്കുക.
4. മഴക്കാലങ്ങളിൽ കുന്നുകൾക്ക് സമീപമായുള്ള റോഡുകളിൽ മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അത്തരം സ്ഥലങ്ങളിൽ ടൂറിസ്റ്റുകൾ അവരുടെ വണ്ടികൾ നിർത്തരുത് എന്ന് സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കണം.

5. രണ്ട് ദിവസത്തിലധികം കനത്ത മഴ തുടർച്ചയായി പെയ്യുമ്പോൾ പ്രദേശത്തേക്ക് വിനോദ-സഞ്ചാരികളുടെ പ്രവേശനം ടൂറിസം വകുപ്പ് പരിമിതപ്പെടുത്തണം.
6. വിവിധ ജില്ലകളിൽ ഉള്ള ബോട്ടുകളുടെയും, വളങ്ങളുടെയും വിവരങ്ങൾ, ഉടമകളുടെ പേരും, ബോട്ട് ലഭ്യമായ സ്ഥലവും, മൊബൈൽ നമ്പറും സഹിതം പട്ടിക ജല ഗതാഗത വകുപ്പ്, ടൂ-റിസം വകുപ്പ് എന്നിവർ മെയ് 30 ന് മുൻപ് ലഭ്യമാക്കുക

## വനം വകുപ്പ്

1. ശക്തമായ മഴകാലത്ത് വനത്തിനുള്ളിൽ വസിക്കുന്ന തദ്ദേശീയർക്ക് (native community, indigenous community) ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ഉറപ്പ് വരുത്തുക.
2. വനത്തിനുള്ളിൽ വസിക്കുന്ന തദ്ദേശീയരെ ആവശ്യമാണെങ്കിൽ മാറ്റി താമസിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന കെട്ടിടങ്ങൾ അതാത് ഊരുകളിലോ, ഏറ്റവും അടുത്തുള്ള കെട്ടിട സമുച്ചയങ്ങളിലോ കണ്ടെത്തി തയ്യാറാക്കുക. തയ്യാറാക്കിയിട്ടുള്ള കെട്ടിടങ്ങൾ സംബന്ധിച്ച വിവരം അതാത് റേഞ്ച് ഓഫീസർ/പട്ടികജാതി/പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥൻ, അതാത് വില്ലേജ് ഓഫീസർക്കും, തഹസിൽദാർക്കും നൽകേണ്ട-താണ്.
3. വനത്തിനുള്ളിൽ ഇത്തരം ക്യാമ്പുകളുടെ നടത്തിപ്പ് ചുമതല പട്ടികജാതി/പട്ടികവർഗ്ഗ വിക-സന വകുപ്പിനും, വനം വകുപ്പിനും ആയിരിക്കും. ഇതിനായി ജില്ലാ കളക്ടറുമായും, തഹസിൽ ദാറുമായും ബന്ധപ്പെട്ട് ആവശ്യമായ ക്യാമ്പ് നടത്തിപ്പ് നടപടികൾ കൈകൊള്ളുക
4. വനത്തിനുള്ളിൽ ദുരന്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുകയും, അതാത് ദിവസം ദുരന്ത നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് സ്ഥലത്തെ വില്ലേ-ജ് ഓഫീസർക്ക് ലഭ്യമാക്കുകയും ചെയ്യുക.

## സാമൂഹിക നീതി വകുപ്പ്

1. വഴിഅരികുകളിലും, കടത്തിണ്ണകളിൽ, ബസ് സ്റ്റേഷനുകളിലും അന്തിയുറങ്ങുന്ന ആളുകൾക്ക് രാത്രികാലങ്ങളിൽ ഉറങ്ങാനും, അത്താഴം നൽകുവാനും ഉള്ള സംവിധാനം തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരുക്കേണ്ടതാണ്.
2. അതാത് പഞ്ചായത്തിലെ അംഗപരിമിതരുടെ പേര്, വീട്ട് അഡ്രസ്സ്, മൊബൈൽ ഫോൺ എന്നിവ അതാത് പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ എന്നിവർക്ക് നൽകുക.
3. അതാത് പഞ്ചായത്തിലെ കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ എന്നിവരുടെ പേര്, വീട്ട് അഡ്രസ്സ്, മൊബൈൽ ഫോൺ എന്നിവ അതാത് പഞ്ചായത്ത് സെക്രട്ടറി, തഹസിൽദാർ എന്നിവർക്ക് നൽകുക.
4. സാമൂഹിക നീതി വകുപ്പിന്റെ കീഴിലുള്ള വയോജന സ്ഥാപനങ്ങളിലുള്ളവർക്ക് ദുരന്തഘട്ട-ങ്ങളിൽ പ്രത്യേക പരിചരണവും സംരക്ഷണവും ഉറപ്പ് വരുത്തേണ്ടതാണ്.
5. ദുരിതാശ്വാസ ക്യാമ്പുകളിൽ വീൽചെയർ സൗഹൃദമായ ശുചിമുറികളും താമസ സൗകര്യങ്ങ-ളും ഉറപ്പ് വരുത്തണം. ഇവർക്ക് തുടർച്ചയായി മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തണം.
6. മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സൈക്കോ സോഷ്യൽ കെയർ ഉറപ്പാക്കണം. ഇത്തരക്കാർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ വിവേചനങ്ങൾ നേരിടുന്നില്ലെന്ന് ഉറപ്പ് വരുത്തണം.
7. പാലിയേറ്റിവ് കെയറിലുള്ള രോഗികൾക്ക് ആവശ്യമായ പരിചരണവും സംരക്ഷണവും ഉറപ്പ് വരുത്തണം, ഇവർ നിത്യേന കഴിക്കുന്ന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കണം. ഇവ മുടങ്ങാതെ ലഭ്യമാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. ക്യാമ്പുകളിൽ ഒരു രീതിയിലുമുള്ള വിവേചനം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കുകയും അടിയ-ന്തര സാഹചര്യങ്ങളിൽ അവർക്ക് ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ഹെല്പ് ലൈൻ നമ്പർ സ്ഥാപിക്കുകയും അവ ക്യാമ്പുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യണം

9. ട്രാൻസ്ജൻഡർ വിഭാഗത്തിൽ പെടുന്നവർക്ക് ക്യാമ്പുകളിൽ വിവേചനം നേരിടുന്നില്ലെന്ന് ഉറപ്പാക്കുക.

## വനിതാ–ശിശുക്ഷേമ വകുപ്പ്

1. ക്യാമ്പുകളിൽ കുട്ടികൾക്കും സ്ത്രീകൾക്കും എതിരെ അതിക്രമങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പാക്കണം.
2. കുട്ടികൾക്ക് ആവശ്യമായ പോഷകാഹാരം ക്യാമ്പുകളിൽ ഉറപ്പുവരുത്തേണ്ടതാണ്.
3. അമ്മമാർക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യവും സ്വകാര്യതയും ഉറപ്പാക്കണം.
4. പെൺകുട്ടികൾക്ക് ആവശ്യമായ സുരക്ഷ ക്യാമ്പുകളിൽ ഉറപ്പുവരുത്തേണ്ടതാണ്.

## ഗതാഗത വകുപ്പ്

1. എല്ലാ ജില്ലകളിലെയും ട്രക്ക്, ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള വലിയ ജനറേറ്ററുകൾ എന്നിവയുടെ വിവരവും, ഇവയിൽ നിലവിൽ ജില്ലയിൽ ലഭ്യമായവയുടെ ഉടമസ്ഥരുടെ വിവരവും ശേഖരിച്ച് ജില്ലാ ഇ.ഓ.സിക്ക് നൽകുക
2. ജില്ലകളിൽ ഉള്ള ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, വലിയ ട്രക്കുകൾ എന്നിവ ഗതാഗത വകുപ്പ് മുൻകൂട്ടി കണ്ടെത്തി ഉടമകളുമായി വിനിയോഗ ധാരണയിൽ എത്തുക
3. ജില്ലയിലെ ഉപയോഗത്തിൽ ഉള്ള ആംബുലൻസുകളുടെ വിവരം, മൊബൈൽ ഫോൺ സഹിതം, കണ്ടെത്തി അവരുമായി വിനിയോഗ ധാരണയിൽ എത്തുക.
4. ജില്ലാ ഇ.ഓ.സി ആവശ്യപ്പെട്ടാൽ ഇത്തരം വാഹനങ്ങൾ സജ്ജമാക്കി നൽകുക

## പൊതുമരാമത്ത് വകുപ്പ്

1. സംസ്ഥാനത്തെ എല്ലാ പാലങ്ങളുടെയും Structural Audit നടത്തി ബലക്ഷയം ഉള്ളവയുടെ മുൻഗണനാ ക്രമം നിർണയിച്ച്, മഴക്കാലത്ത് വാഹന ഗതാഗതം നിയന്ത്രിക്കേണ്ടവയുടെ വിവരം ശിപാർശ സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക.
2. വകുപ്പിന് കീഴിൽ ഉള്ള, സംസ്ഥാനത്തെ ആശുപത്രികൾ, പ്രധാന ഓഫീസുകൾ എന്നിവയുടെ Structural Audit നടത്തി ബലക്ഷയം ഉള്ളവയുടെ മുൻഗണനാ ക്രമം നിർണയിച്ച്, മഴക്കാലത്ത് പ്രവർത്തനം ഒഴിവാക്കേണ്ടവയുടെവിവരം ശിപാർശ സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക
3. അടിയന്തിരഘട്ടത്തിൽ കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ എന്നിവയുടെ തകർച്ച താൽക്കാലികമായി പരിഹരിച്ച് ഗതാഗത യോഗ്യമാക്കുവാൻ എമർജൻസി ടീമുകളെ തയ്യാറാക്കി നിർത്തുക.

തുടർന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹാദ്ധ്യക്ഷൻ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ യോഗത്തെ അഭിസംബോധന ചെയ്യാൻ അദ്ധ്യക്ഷൻ ക്ഷണിച്ചു

ജില്ലയിൽ ഡി.സി.സികൾ കൂട്ടതലായി സജ്ജമാക്കണം. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടേയും കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡിന്റേയും ജില്ലാ പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിലുള്ള CSLTC യിൽ സീനിയർ ഡോക്ടർമാരുൾപ്പെടെയുള്ളവരെ നിയോഗിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച ഡി.സി.സി കളിൽ നിലവിൽ രോഗികൾ വളരെ കുറവാണ്. ഹോം ട്രീറ്റ്മെന്റിന് ആവശ്യമായ ഭൗതീക

സാഹചര്യങ്ങൾ വീടുകളിൽ ഇല്ലാത്തവരെ ജില്ലാ മെഡിക്കൽ ഓഫീസർ ഡി.സി.സികളിലേക്ക് റഫർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഇതു സംബന്ധിച്ച് താൻ പങ്കെടുത്ത എല്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗങ്ങളിലും ജില്ലാ മെഡിക്കൽ ഓഫീസറോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറും ഇക്കാര്യത്തിൽ ആവർത്തിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിട്ടും ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യമായ നടപടി സ്വീകരിക്കാത്തത് ഖേദകരമാണ്.

തുടർന്ന് മഴക്കാല മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് ഓരോ വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ യോഗത്തെ അറിയിക്കുവാൻ അദ്ധ്യക്ഷൻ ആവശ്യപ്പെട്ടു.

**<u>ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കൊല്ലം</u>**

ഡി.സി.സി 17 എണ്ണവും സി.എഫ്.എൽ.റ്റി.സി 9 എണ്ണവും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ ഡി.സി.സികളിൽ 1583 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. ജില്ലയിൽ 65 പഞ്ചായത്തുകളിലും ഡി.സി.സികൾക്കായി കെട്ടിടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കോവിഡ് പോസിറ്റീവ് ആയി ഹോം ട്രീറ്റ്മെന്റിലുള്ളവർക്ക് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് കഴിയാൻ പറ്റാത്ത സാഹചര്യത്തിൽ ഡി.സി.സി യിലേക്ക് മാറാവുന്നതാണെന്നും ഡി.ഡി.പി അറിയിച്ചു.

പുതുതായി ക്യാമ്പുകൾ കണ്ടെത്തി ആയത് കൂടി ഉൾപ്പെടുത്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതാണ്.

**<u>സെക്രട്ടറി പരവൂർ മുനിസിപ്പാലിറ്റി</u>**

പരവൂർ മുനിസിപ്പാലിറ്റിയിൽ നിലവിൽ ഒരു ഡി.സി.സി പ്രവർത്തിക്കുന്നുണ്ട് 19 പേർ അവിടെയുണ്ട്. ആകെ 70 കിടക്കകൾ സജ്ജീകരിച്ചിട്ടുള്ളതാണ്. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി അപകടകരമായി നിന്നിരുന്ന 40 മരങ്ങളുടെ ശിഖിരങ്ങൾ മുറിച്ചു മാറ്റിയിട്ടുള്ളതാണ്. നിലവിലുള്ളതിന് പുറമേ ഒരു സ്കൂൾ കെട്ടിടം കൂടി ക്യാമ്പായി സജ്ജീകരിക്കാവുന്നതാണ്. വീടുകളിൽ കഴിയാൻ സൗകര്യമില്ലാത്ത കോവിഡ് പോസിറ്റീവ് രോഗികളെ ഡി.സി.സി.യിലേക്ക് മാറ്റി പാർപ്പിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

**<u>സെക്രട്ടറി, പുനലൂർ മുനിസിപ്പാലിറ്റി</u>**

ഒരു സി.എഫ്.എൽ.റ്റി.സി പ്രവർത്തിച്ചു വരുന്നു. ആർ.പി.എൽ സ്കൂളിൽ മൂന്ന് വാർഡുകളുടെ അതിർത്തിയായി വരുന്ന സ്ഥലത്ത് ഒരു ഡി.സി.സി നാളെ മുതൽ തുടങ്ങും. അവിടെ 200 കിടക്കകളുണ്ട്. കൂടാതെ ഒരെണ്ണം ഗവ. പോളിടെക്നിക് കോളേജ് നെല്ലിപ്പള്ളിയിലും സജ്ജീകരിക്കും അവിടെ 40 കിടക്കകൾ ഉണ്ടാകും.

**<u>സെക്രട്ടറി, കൊട്ടാരക്കര മുനിസിപ്പാലിറ്റി</u>**

നിലവിൽ 50 കിടക്കകൾ ഉള്ള സെന്റ് ഗ്രിഗോറിയസ് ഹൈസ്കൂൾ, സി.എഫ്.എൽ.റ്റി.സി യായി സജ്ജീകരിച്ചിട്ടുണ്ട്. മഴ പെയ്താൽ വെള്ളക്കെട്ട് ഉണ്ടാകുമെന്നതിനാൽ ബ്രദറൻ ഹാൾ

പ്രവർത്തനം തുടങ്ങിയിട്ടില്ല. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി അപകടകരമായ എല്ലാ മരങ്ങളും മുറിച്ചു മാറ്റിയിട്ടുണ്ട്

**എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ**

ജല സേചന വകുപ്പിലെ കൺട്രോൾ റൂമിലേക്ക് മേയ് 13 മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ മാരെ നിയോഗിച്ചിട്ടുണ്ട്. നിലവിലുള്ള ചെക്ക് ഡാമുകൾ തുറന്നു വെക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളം ഒഴുകി പോകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി നദികളിൽ നിന്നും പുഴകളിൽ നിന്നും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റ് എത്രയും വേഗം സമർപ്പിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. കൂടാതെ പള്ളിക്കലാറ്റിൽ ആര്യൻപാടം ഭാഗത്ത് ചെക്ക് ഡാമിന്റെ നടുക്കുള്ള സ്പാൻ പൂർണ്ണമായും ബ്രേക്ക് ചെയ്തിട്ടുണ്ട്. വെള്ളം പൂർണ്ണമായും ഒഴുകി പോകുന്നതാണ്.

**കല്ലട ഇറിഗേഷൻ പ്രൊജക്ട്**

ഡാമിലെ നിലവിലെ ജലനിരപ്പ് സംഭരണ ശേഷിയുടെ 33% മാത്രമാണ്. കനത്ത മഴ പെയ്താലും സംഭരിക്കാൻ കഴിയും. ഷട്ടറുകളെല്ലാം പ്രവർത്തന സജ്ജമാണ്. നിലവിൽ മറ്റ് പ്രശ്നങ്ങളില്ല.

**കൊല്ലം സിറ്റി പോലീസ്**

എമർജൻസി കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. കോസ്റ്റൽ മേഖലയിൽ പോർട്ട് പട്രോൾ ആരംഭിച്ചിട്ടുണ്ട്. മഴക്കാലത്ത് അവശ്യം വേണ്ടി വരുന്ന ഉപകരണങ്ങളെല്ലാം ശേഖരിച്ച് വച്ചിട്ടുണ്ട്.

**റൂറൽ പോലീസ്**

ആര്യങ്കാവ്, അച്ചൻ കോവിൽ, തെന്മല, റോസ് മല എന്നിവിടങ്ങളിലെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന മേഖലകളിൽ അപകട സാധ്യത ഉള്ളതിനാൽ അവരുടെ ഒരു കൃത്യമായ കണക്ക് പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് നൽകേണ്ടതാണ്.

മൺട്രോതുരുത്തിൽ വേലിയേറ്റ സാധ്യതമൂലം ആളുകളെ അടിയന്തരമായി മാറ്റിപാർപ്പിക്കേണ്ട സാഹചര്യം ഉണ്ടായാൽ അതിനായുള്ള ക്രമീകരണങ്ങൾ ഒരുക്കി കൊടുക്കാമെന്നും അഡീഷണൽ എസ്.പി അറിയിച്ചു.

അസ്കാ ലൈറ്റുകൾ തെന്മലയിൽ 10 അച്ചൻ കോവിലിൽ 10 കുളത്തുപ്പുഴയിൽ 10 അഞ്ചലിൽ 10 എന്നിങ്ങനെ പ്രവർത്തന സജ്ജമാണ്. വോളണ്ടിയർമാരുടെ ലിസ്റ്റ് ശേഖരിച്ച് വച്ചിട്ടുണ്ട് ആവശ്യമെങ്കിൽ ജനറേറ്റർ ലഭ്യമാകുവാനുള്ള ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്.

**ജില്ലാ ഫയർ ഓഫീസർ, കൊല്ലം**

ജില്ലാ ഫയർ ഓഫീസിൽ കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. ഹെഡ്ക്വാർട്ടേഴ്സിൽ മറ്റൊരു കൺട്രോൾ റൂമും തുടങ്ങിയിട്ടുണ്ട്. വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊല്ലം**

പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട് മുൻകൂട്ടി തന്നെ ക്വിക്ക് റെസ്പോൺസ് ടീം പവർ ബ്രിഗേഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. മലയോര മേഖലകൾ, ഗ്രാമ പ്രദേശങ്ങൾ

എന്നിവിടങ്ങളിൽ മരം വീണ് വൈദ്യുതി വിച്ഛേദിക്കപ്പെടുന്ന സാഹചര്യം ഉണ്ടായാൽ അവിടേക്ക് എത്തിച്ചേരാൻ വളരെയധികം ബുദ്ധിമുട്ടുണ്ടാവുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബാരിക്കേഡുകൾ തടസ്സമായി വരുന്നുണ്ട്. അത്തരം സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിന് പോലീസിന്റെ ഭഗത്തു നിന്നും ക്രമീകരണം ഏർപ്പാടു ചെയ്യണം

അടിയന്തര പ്രാധാന്യമുള്ള സി.എഫ്.എൽ.റ്റി.സി, റിലീഫ് ക്യാമ്പ് എന്നിവക്ക് മുൻഗണന നൽകുന്നുണ്ട്. കെ.എം.എം.എൽ സജ്ജീകരിച്ചിട്ടുള്ള ഡി.സി.സി.യിലേക്ക് പ്രത്യേക വൈദ്യുതി ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

കൂടാതെ പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട് മുൻനിര പോരാളികളായ വിദ്യുത്ഛക്തി ബോർഡിലെ ജീവനക്കാർക്ക് കോവിഡ് വാക്സിൻ എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

**<u>ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊട്ടാരക്കര</u>**

കൊട്ടാരക്കര ഡിവിഷനിലേക്ക് റിട്ടയറായ ജീവനക്കാരും കരാർ ജീവനക്കാരും ഉൾപ്പെടുന്ന ടീം രൂപീകരിച്ചിട്ടുണ്ട്. മറ്റ് പ്രശ്നങ്ങൾ നിലവിലില്ല.

**<u>ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം</u>**

എല്ലാ പി.എച്ച്.സി, സി.എച്ച്.സി, മേജർ ഹോസ്പിറ്റലുകളിലും റാപ്പിഡ് റെസ്പോൺസ് റ്റീം പ്രവർത്തിക്കുന്നുണ്ട്. അവ 24 മണിക്കൂറും സജ്ജമാണ്. എമർജൻസി മെഡിസിൻ എല്ലായിടത്തും ലഭ്യമാണ്. റിലീഫ് ക്യാമ്പിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നത് ഉറപ്പുവരുത്തും, ആവശ്യമുള്ളിടത്ത് ആന്റിജൻ ടെസ്റ്റ് കിറ്റുകൾ നൽകിയിട്ടുണ്ട്. കണ്ടയിൻമെന്റ് സോണിലുള്ളവരേയും രോഗ ലക്ഷണമുള്ളവരേയും ആന്റിജൻ ടെസ്റ്റ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്വാറന്റൈനിലുള്ളവരേയും കോവിഡ് പോസിറ്റീവ് ആയവരേയും പ്രത്യേകം താമസിപ്പിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. മഴക്കാലവുമായി ബന്ധപ്പെട്ട് രോഗങ്ങൾക്ക് ആവശ്യമായ ഡോക്സി, ഒ.ആർ.എസ് എന്നിവ ലഭ്യമാണ്. മഴക്കാലരോഗങ്ങൾ സാധാരണയായി തഴവാ, അഴീക്കൽ, ഇരവിപുരം, തൃക്കോവിൽവട്ടം തെന്മല മേഖലകളിലാണ് കാണപ്പെടുന്നത്. അവിടേക്ക് ആവശ്യംവേണ്ട മരുന്നുകൾ ക്രമീകരിച്ചിട്ടുണ്ട്.

**<u>ജില്ലാ പട്ടിക ജാതി വികസന ഓഫീസ്, കൊല്ലം</u>**

ബന്ധപ്പെട്ട എല്ലാവർക്കും പ്രകൃതി ക്ഷോഭത്തോടനുബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**<u>ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ, കൊല്ലം</u>**

എല്ലാ പ്രോമോട്ടർമാർക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>തഹസിൽദാർ, കൊല്ലം</u>**

കൊല്ലം താലൂക്കിൽ തൃക്കോവിൽവട്ടം വില്ലേജിൽ തൃക്കോവിൽവട്ടം ചേരിയിൽ തൊടിയിൽ ഭാഗത്തു താമസിക്കുന്ന 5 കുടുംബങ്ങളിൽ ഉൾപ്പെട്ട 24 പേരെ മുഖത്തല N.S. S. U. P. സ്കൂളിൽ മാറ്റിത്തമസിപ്പിച്ചു ക്യാമ്പ് തുടങ്ങിയിട്ടുണ്ട്. ക്യാമ്പിലുള്ളവരെ ആന്റിജൻ ടെസ്റ്റിന് വിധേയരാക്കിയിട്ടുണ്ട്.

**<u>ഡെപ്യൂട്ടി കളക്ടർ (എൽ.എ)</u>**

കൊട്ടാരക്കര താലൂക്കിലെ 27 വില്ലേജ് ഓഫീസർമാരുടേയും യോഗം ചേർന്നിട്ടുണ്ട്. 42 കെട്ടിടങ്ങൾ ക്യാമ്പിനായി കണ്ടെത്തിയിട്ടുണ്ട്.

**<u>തഹസിൽദാർ, പത്തനാപുരം</u>**

ക്യാമ്പ് തുടങ്ങേണ്ട സാഹചര്യം നിലിവിലില്ല. കൺട്രോൾ റൂം പ്രവർത്തന സജ്ജമാണ്.

**<u>തഹസിൽദാർ, പുനലൂർ</u>**

ക്യാമ്പ് തുടങ്ങേണ്ട സാഹചര്യം നിലിവിലില്ല. കൺട്രോൾ റൂം പ്രവർത്തന സജ്ജമാണ്.

**<u>തഹസിൽദാർ, കുന്നത്തൂർ</u>**

ക്യാമ്പുകൾ സജ്ജമാണ്. ശൂരനാട്, മൈനാഗപ്പള്ളി, വെസ്റ്റ് കല്ലട എന്നിവിടങ്ങളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**<u>തഹസിൽദാർ, കരുനാഗപ്പള്ളി</u>**

ആലപ്പാട് വില്ലേജിൽ ചെറിയഴീക്കൽ, പണ്ടാരതുരുത്ത് എന്നീ ഭാഗങ്ങളിൽ കടൽ കയറ്റം ഉണ്ട്. ആവശ്യം വരുന്ന പക്ഷം ക്യാമ്പ് തുടങ്ങുന്നതാണ്. കൺട്രോൾ റൂം പ്രവർത്തന സജ്ജമാണ്.

**<u>മേജർ ഇറിഗേഷൻ, കൊല്ലം</u>**

ആലപ്പാട് വില്ലേജിൽ ചെറിയഴീക്കൽ, പണ്ടാരതുരുത്ത് ഭാഗങ്ങളിൽ ഇന്നലെ മുതൽ കടൽക്കയറ്റം ഉണ്ട് ടി സ്ഥലം ഇന്നലെ തന്നെ സന്ദർശിച്ച് കടലാക്രമണം ഉണ്ടാകുന്ന മേഖലകളിൽ ജിയോബാഗ് സ്ഥാപിക്കുന്നതിനായി 8 പ്രൊപ്പോസലുകൾ തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക്നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനാനുമതി ലഭിച്ചാൽ എത്രയും വേഗം പ്രവർത്തി തുടങ്ങുന്നതാണെന്നും അറിയിച്ചു.

മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി പള്ളിക്കലാറ്റിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് 3 പ്രൊപ്പോസലുകളും നീണ്ടകര ഭാഗത്ത് ചെളിയും മണലും നീക്കം ചെയ്യുന്നതിന് 2 പ്രൊപ്പോസലുകളും സമർപ്പിച്ചിട്ടുണ്ട്.

പരവൂർ പൊഴിക്കര റെഗുലേറ്ററിൽ ഷട്ടറുകളെല്ലാം ഉയർത്തിയിട്ടുണ്ട്. രണ്ട് ഷട്ടറുകൾക്ക് ചെറിയ തകരാറുണ്ട്. ആയത് എത്രയും വേഗം ശരിയാക്കുന്നതാണെന്നും അറിയിച്ചു.

**<u>എം.ജി.എൻ.ആർ.ഇ.ജി.എസ്</u>**

സർക്കാർ നിർദ്ദേശമനുസരിച്ച് തൊഴിലാളികളെ വളരെ ജാഗ്രതയോട് മാത്രമേ മലമ്പ്രദേശങ്ങളിലും മറ്റ് സ്ഥലങ്ങളിലും ജോലിക്ക് നിയോഗിക്കാവൂ എന്ന് അറിയിച്ചിട്ടുണ്ട്. അതനുസരിച്ചാണ് തൊഴിലാളികളെ വിന്യസിച്ചിരിക്കുന്നത്.

**<u>ജില്ലാ പഞ്ചായത്ത് സെക്രട്ടറി</u>**

ചവറ സി.എഫ്.എൽ.റ്റി.സിയിൽ ഇപ്പോൾ 74 രോഗികൾ ഉണ്ട്. വോളണ്ടിയർമാരുടെ കുറവുണ്ടായിരുന്നു. ഡി.ഡി.പിയുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തി ആയത് പരിഹരിച്ചുവരുന്നുവെന്നും മറ്റ് വിഷയങ്ങളൊന്നും ഇല്ലായെന്നും അറിയിച്ചു.

**<u>ജില്ലാ മൃഗ സംരക്ഷണ ഓഫീസർ, കൊല്ലം</u>**

നിലവിലുള്ള പ്രത്യേക സാഹചര്യത്തിൽ കൊല്ലം ജില്ലാ വെറ്റിനറി ഓഫീസ് കേന്ദ്രീകരിച്ച് കൺട്രോൾ റൂം തുടങ്ങി ആയത് പ്രവർത്തന സജ്ജമാണ്. മറ്റ് പ്രശ്നങ്ങളൊന്നുമില്ല.

**ജില്ലാ സപ്ലൈ ഓഫീസർ, കൊല്ലം**

ഏപ്രിൽ മാസത്തെ കിറ്റ് വിതരണം ചെയ്തു വരുന്നു. മേയ് മാസത്തെ കിറ്റ് നൽകുന്നതിന് തയ്യാറെടുപ്പുകൾ നടത്തി വരുന്നു. റിലീഫ് ക്യാമ്പിലേക്ക് നൽകുവാനുള്ള ഭക്ഷ്യ ധാന്യങ്ങൾ, മണ്ണെണ്ണ, എണ്ണ എന്നിവ സജ്ജമാണ്.

**പ്രിൻസിപ്പൽ കൃഷി ഓഫീസ് കൊല്ലം**

മൺസൂണുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ കണക്കാക്കുന്നതിനായി എല്ലാ കൃഷി ഓഫീസർമാർക്കും അസിസ്റ്റന്റ് കൃഷി ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ, കൊല്ലം**

ആവശ്യമെങ്കിൽ ആളുകളെ ഒഴിപ്പിക്കുന്നതിനായി വാഹനങ്ങൾ സജ്ജമാണ്.

**കേരള വാട്ടർ അതോറിറ്റി, കൊല്ലം**

സജ്ജമാണ്. ക്രമീകരണങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്

**ജിയോളജിസ്റ്റ്, കൊല്ലം**

എല്ലാ ഖനന പ്രവർത്തനങ്ങളും നിറുത്തി വക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തുടർന്ന് അവലോകനയോഗം ഉപസംഹരിച്ച അദ്ധ്യക്ഷൻ ഗൃഹ ചികിത്സക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഇല്ലാതെ വീടുകളിൽ കോവിഡ് ബാധിതർ കഴിയുന്നത് ആശങ്കയുണ്ടാക്കുന്ന വിഷയമാണെന്ന് ചൂണ്ടികാണിച്ചു, പ്രത്യേകിച്ചും വീടുകളിൽ നിന്നുമുള്ള രോഗ വ്യാപനമാണ് രോഗ ബാധിതരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതെന്ന റിപ്പോർട്ടുകൾ ഉള്ളപ്പോൾ. ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ മാസങ്ങളായി പ്രതിദിന അവലോകന യോഗങ്ങളിൽ നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കപ്പെടുന്നതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തന്നെ ഒന്നിലധികം ശൗചാലയങ്ങളോ റൂം ഐസോലേഷനിൽ കഴിയാൻ മറ്റ് സൗകര്യങ്ങളോ ഇല്ലാത്ത രോഗബാധിതരെ ഡി.സി.സി കളിൽ പ്രവേശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. ഈ വിവരം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

കോവിഡ് പോസിറ്റീവായവരിൽ വീട്ടിൽ തുടർ ചികിത്സക്ക് സൗകര്യം ഇല്ലാത്തവരെ മാറ്റി പാർപ്പിക്കാനുള്ള ഡി.സി.സി കളുടെ വിവരങ്ങൾ നിശ്ചിത മാതൃകയിൽ ഡി.ഡിപിയും നഗരസഭാ സെക്രട്ടറിമാരും അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

ക്യാമ്പുകളുടേയും ഡി.സി.സികളുടേയും വിവരങ്ങൾ ഈ കാര്യാലയത്തിൽ നിന്നും നൽകുന്ന ഗൂഗിൾ ഷീറ്റിൽ ലഭ്യമാക്കേണ്ടതാണ്.

റിലീഫ് ക്യാമ്പുകൾ തുടങ്ങുമ്പോൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ ക്യാമ്പുകളുടെ വിവരങ്ങൾ റിലീഫ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

യോഗം 2.15 ന് സമാപിച്ചു.

ഒപ്പ് /–
ചെയർമാൻ,
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി,
& ജില്ലാ കളക്ടർ, കൊല്ലം

1. പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്ത നിവാരണ (എ) വകുപ്പ്, ആമുഖ കത്ത് സഹിതം
2. കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം, ആമുഖ കത്ത് സഹിതം
3. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, സഹാദ്ധ്യക്ഷനും മറ്റംഗങ്ങൾക്കും
4. ജില്ലയിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
6. JS(DM)/DM 2 /DM3/ജില്ലാ കളക്ടറുടെയും എ ഡി എം –ന്റേയും സി എ മാർക്ക്, സ്റ്റോക്ക് ഫയൽ /അധിക പകർപ്പ്

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്
(ദുരന്ത നിവാരണം)

# MONTHLY REPORT FORMATS

## AGRICULTURE

| | |
|---|---|
| **AGRICULTURE**<br>Season: Rabi/Kharif | |
| a. Food grains | |
| i.Sown area affected (Hectare) | |
| ii.Production lost tons | |
| a. Cash Crops | |
| i.Sown area affected (Hectare) | |
| ii.Production lost tons | |
| a. Horticulture crops | |
| i.Sown area affected (Hectare) | |
| ii.Production lost tons | |
| a. Trees uprooted Nos | |
| b. Area affected (Hectare) | |

## WATER AUTHORITY

| | |
|---|---|
| A. **WATER SUPPLY SYSTEM** | |
| a. Pipeline | |
| i.Trunk (No) | |
| Fully damaged | |
| Partially damaged | |

| | |
|---|---|
| ii.Distribution (No) | |
| Fully damaged | |
| Partially damaged | |
| a. Pumping Station | |
| Fully damaged | |
| Partially damaged | |
| b. Overhead Reservoirs | |
| Fully damaged | |
| Partially damaged | |
| c. Water treatment plant | |
| Fully damaged | |
| Partially damaged | |
| d. Drinking water tanks | |
| Fully damaged | |
| Partially damaged | |
| e. Drinking water wells | |
| Fully damaged | |
| Partially damaged | |
| f. Others (Please mention) | |
| Fully damaged | |
| Partially damaged | |

## KSEB

| | |
|---|---|
| **A. ELECTRICITY SUPPLY** | |
| a. High tension lines damaged | |
| Length | |
| No. of days | |
| b. Low tension lines damaged | |
| Length | |
| No. of days | |
| c. Transformers damaged | |
| Length | |
| No. of days | |
| d. Substations damaged | |
| Length | |
| No. of days | |

# PWD (Roads)

| | |
|---|---|
| A. **ROADS** | |
| a. Road length damaged (Km) | |
| i.National High-way | |
| ii.State High-way | |
| iii.District Road | |

| | |
|---|---|
| iv.Others | |
| a. Villages disconnected to transportation facility | |
| i.Number | |
| ii.Days | |
| A. **BRIDGES** | |
| a. Motorable bridges (No) | |
| Fully | |
| Partially | |
| b. Pedestrian bridges | |
| Fully | |
| Partially | |

## PWD (Buildings)

| | |
|---|---|
| A. **BUILDINGS** | |
| a. Primary Schools | |
| Partially | |
| Fully | |
| b. Secondary Schools | |
| Partially | |
| Fully | |
| c. Community center | |
| Partially | |
| Fully | |
| d. Health Centers | |
| Dispensaries | |
| PHCs | |
| Hospitals (DH/SDH) | |
| e. Other Government Building | |
| Partially | |
| Fully | |
| A. **SHOPS AND OTHER COMMERCIAL BUILDINGS DAMAGED** | |
| a. Shops | |
| Partially | |
| Fully | |
| b. Other commercial buildings | |
| Partially | |
| Fully | |

## Animal Husbandry

| | |
|---|---|
| **LIVESTOCK** | |
| a. Number of animals perished | |
| i.Cow | |
| ii.Buffalo | |
| iii.Sheep | |
| iv.Goats | |
| v.Camels | |

| | |
|---|---|
| vi.Horse/mules/donkey | |
| vii.Poultry/duck | |
| viii.Pigs | |
| ix.Others | |

# Health

| **HEALTH**<br>Occurrence of epidemics (No. of people affected | |
|---|---|
| a. Water borne diseases | |
| i.Cholera | |
| ii.Diarrhoea | |
| iii.Others | |
| a. Vector Borne | |
| i.Malaria | |
| ii.Dengue | |
| iii.Plague | |
| iv.Others | |
| a. COVID | |
| i.Total Cases | |
| ii.Present Cases | |
| iii.Deaths | |
| a. Others | |

# IRRIGATION

| A. **IRRIGATION** | |
|---|---|
| a. Breach of canal damaged | |
| Number | |
| b. Breach of dam damaged | |
| Number | |
| c. Irrigation tank damaged | |
| Number | |
| d. Irrigation wells damaged | |
| Number | |
| e. Reservoirs damaged | |
| Number | |